# FEDERATION OF RESIDENTS' ASSOCIATIONS THIRUVANANTHAPURAM (FRAT) Reg. No. 50/93

*Office :* Paraniyam Chambers, Ground Floor, Paraniyam Towers
Vanchiyoor, Thiruvananthapuram - 695 035, website : www.frat.in


President
Adv. VENNIKULAM GEORGE VARUGHESE
Ph : 2472500, Mob:9496204636

General Secretary
ADV. PARANIYAM DEVA KUMAR
Ph : 2476440, Mob : 9446508446

Treasurer
S. SATHEESACHANDRAN NAIR
Ph:0472-2857050,Mob: 9447770368


(പ്രസിദ്ധീകരണത്തിന്) Date 18.4.2012

## വിളപ്പിൽശാല- സുപ്രീം കോടതിവിധി നടപ്പിലാക്കണം-ഫ്രാറ്റ്

സുപ്രീംകോടതിവിധിയുടെ വെളിച്ചത്തിൽ വിളപ്പിൽശാല പഞ്ചായത്തിനേയും ജനകീയ സമരസമിതിയേയും വിശ്വാസത്തിലെടുത്തും പാരിസ്ഥിതിക-ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നില്ലെന്ന് ഉറപ്പുവരുത്തിയും വിളപ്പിൽശാല മാലിന്യസംസ്കരണപ്ലാന്റ് തുറന്ന് പ്രവർത്തിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോടും നഗരസഭയോടും ഫെഡറേഷൻ ഓഫ് റസിഡന്റ്സ് അസോസിയേഷൻസ് തിരുവനന്തപുരം (ഫ്രാറ്റ്) പ്രസിഡന്റ് അഡ്വ. വെണ്ണിക്കുളം ജോർജ് വർഗ്ഗീസും ജനറൽ സെക്രട്ടറി അഡ്വ. പരണിയം ദേവകുമാറും പ്രസ്താവനയിൽ ആവശ്യപ്പെട്ടു. **"മാലിന്യമുക്ത തലസ്ഥാനനഗരവും വിളപ്പിൽശാല നിവാസികൾക്ക് ആരോഗ്യസുരക്ഷയും"** എന്നതാണ് ഫ്രാറ്റിന്റെ നയം.പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതുൾപ്പെടെ ഉറവിടത്തിലെ മാലിന്യസംസ്കരണപ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തി പ്രതിദിനം മാലിന്യഉൽപ്പാദനം 90 മെട്രിക് ടണ്ണിനകമാക്കുന്നതിനും, മാലിന്യം ജൈവം, ജൈവേതരം എന്നിങ്ങനെ തരംതിരിച്ച് ജൈവമാലിന്യം മാത്രം ഫാക്ടറിയിൽ എത്തിക്കുമെന്ന് ഉറപ്പുവരുത്തുന്നതിനും നഗരസഭ ശ്രദ്ധിക്കണമെന്നും കെട്ടികിടക്കുന്ന മാലിന്യം സംസ്കരിക്കുന്നതിനുള്ള ക്ലേ കൊണ്ടുപോകുന്നതിനും, നിർത്തിവച്ചിരിക്കുന്ന പ്ലാന്റിന്റെ പണി പുനരാരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്ത് സഹകരിക്കണമെന്നും ഫ്രാറ്റ് ഭാരവാഹികൾ അഭ്യർത്ഥിച്ചു.

നഗരത്തിലെ ഭവനങ്ങളിൽ പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ഫ്രാറ്റും അംഗ അസോസിയേഷനുകളും ഏറ്റെടുത്ത് നിർവഹിച്ചുവരുന്നതായും ഇക്കാര്യത്തിൽ നഗരസഭയ്ക്ക് എല്ലാവിധ പിൻതുണയും വാഗ്ദാനം ചെയ്യുന്നതായും ഫ്രാറ്റ് ഭാരവാഹികൾ അറിയിച്ചു.

അഡ്വ. പരണിയം ദേവകുമാർ
ജനറൽ സെക്രട്ടറി